**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2146** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഔദ്യോഗിക പട്ടികയിൽ ഉൾപ്പെടാത്ത കോവിഡ് മരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ ഔദ്യോഗിക പട്ടികയിൽ ഉൾപ്പെടാത്ത എത്ര കോവിഡ് മരണങ്ങൾ നിലവിൽ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ? | (എ) | ലോകാരോഗ്യ സംഘടനയുടെയും ഐ.സി.എം.ആറിന്റെയും കേന്ദ്ര സർക്കാരിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയാണ് കേരളത്തിൽ കോവിഡ് മരണം സ്ഥിരീകരിച്ചിരുന്നത്. 2021 ജൂൺ മാസം മുതൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ഇതിനായി ഒരു ഓൺലൈൻ പോർട്ടൽ പ്രത്യേകമായി സജ്ജമാക്കുകയും അതാത് ആശുപത്രികളിൽ നിന്നും ചികിത്സിച്ച ഡോക്ടർമാർ മരണ കാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനായി അപ്‌ലോഡ് ചെയ്യുകയും ഇത് ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം അംഗീകരിക്കുകയും ചെയ്യുന്നു. മരണം ഓൺലൈനായി റിപ്പോർട്ട് ചെയ്യുവാൻ തുടങ്ങിയ 2021 ജൂൺ മാസത്തിന് മുമ്പ് ഏതെങ്കിലും രേഖകളുടെയും മറ്റും അഭാവത്തിൽ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാതെ പോയ ഏഴായിരത്തോളം മരണങ്ങൾ പരിശോധിച്ച് പട്ടികയിൽ ചേർക്കാൻ നിർദ്ദേശം അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രികൾ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് -19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും ആണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് - 19 |

| | | | |
|---|---|---|---|
| | | | മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29.09.2021-ലെ സ.ഉ.(സാധാ)നം. 2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് - 19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും, കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതു സംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പ വരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് - 19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. ഈ സംവിധാനത്തിലൂടെ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കി ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ കോവിഡ് മരണങ്ങളുടെ പൂർണമായ കണക്ക് ലഭ്യമാകുകയുള്ളൂ.ർ |

സെക്ഷൻ ഓഫീസർ